ഉത്തരം

(എ) ഉണ്ട്.

(ബി) വ്യവസായ വകുപ്പ് ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ഉചിതമായ ശുപാർശ നികുതി വകുപ്പിന് നൽകുന്നതാണ്.

(സി) ഇല്ല.

വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും

9 (2065)ശ്രീ. പി. രാഘവൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. പി. വിശ്വൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി സംസ്ഥാനത്തെ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പഠിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വ്യവസായ മേഖലയിൽ മലയാളികളായ മാനേജ്മെന്റ് വിദഗ്ദ്ധരുടെ സേവനം ലഭ്യമല്ലാത്തതുമൂലമുണ്ടാകാവുന്ന വിപത്തുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പൂർണ്ണ പ്രവർത്തന സ്വാതന്ത്ര്യം, പുത്തൻ സാങ്കേതികവിദ്യ എന്നിവ നൽകി അവയെ ലാഭത്തിലാക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഓരോ വ്യവസായ മേഖലയും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനായി വ്യവസായികളെയും സാങ്കേതികവിദഗ്ദ്ധരേയും മറ്റ് പ്രതിനിധികളെയും ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഓട് വ്യവസായ മേഖലയെക്കുറിച്ച് സമഗ്രമായ പഠനം നടത്തിയ കമ്മറ്റി നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. പ്രതിസന്ധിയുള്ള മേഖലകളെക്കുറിച്ച് പഠിച്ച് പരിഹാരനടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പുതിയ സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനും മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി കേരള ഇൻഡസ്ട്രിയൽ റീ വൈറ്റലൈസേഷൻ ഫണ്ട് രൂപീകരിച്ചു കഴിഞ്ഞു.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധ മേഖലകളിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ദ്ധ കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. കമ്പനികളിൽ നിന്നുള്ള പ്രൊപ്പോസലുകളിൻമേൽ ഈ കമ്മിറ്റികൾ വിശദമായ പഠനം നടത്തി മാർഗ്ഗരേഖ തയ്യാറാക്കിയതിനുശേഷം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പുനരുദ്ധാരണനിധിയിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്നതുൾപ്പെടെ നടപടി സ്വീകരിക്കും. കേരളാ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്ന മുറയ്ക്ക് സ്ഥാപനങ്ങൾ സാങ്കേതികവിദ്യയുടെ നവീകരണം, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം മുതലായ പദ്ധതികളിലൂടെ ലാഭത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി ചാർജ് വർദ്ധന മൂലം പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

10 (2066)ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിനെ തുടർന്ന് സംസ്ഥാനത്ത് കഴിഞ്ഞ 3 മാസത്തിനുള്ളിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാം എന്ന് അറിയിക്കുമോ;

(സി) ഇനി എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടാൻ ഭീഷണി നേരിടുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)മുതൽ(സി)വരെ വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതിനെ തുടർന്ന് വ്യവസായ സ്ഥാപനങ്ങളൊന്നും പൂട്ടിയതായോ, അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നതായോ വിവരമൊന്നും ലഭിച്ചിട്ടില്ല.

ബി.ഐ.എഫ്.ആർ. ഏറ്റെടുത്തു നടത്തുന്ന വ്യവസായങ്ങൾ

11 (2067)ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.സി. വേണുഗോപാൽ:
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സംസ്ഥാനത്തുള്ള ഏതെല്ലാം വ്യവസായങ്ങൾ ബി.ഐ.എഫ്.ആർ. ഏറ്റെടുത്തു നടത്തുന്നുണ്ട്;

(ബി) ഈ വ്യവസായങ്ങൾ ബി.ഐ.എഫ്.ആർ ഏറ്റെടുക്കുമ്പോൾ അവയുടെ നിലയെന്തായിരുന്നു;

(സി) ഇവയിൽ ഏതെല്ലാം വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ കഴിയും;

(ഡി) പുനരുദ്ധരിക്കാൻ സാദ്ധ്യമല്ലാത്ത വ്യവസായങ്ങളുടെ കാര്യത്തിൽ എന്തു ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly